(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തുനടപടി സ്വീകരിച്ചു ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത സബ് സ്റ്റേഷന് ഇപ്പോൾ ആവശ്യമുള്ള കപ്പാസിറ്റി ഇല്ലാത്തതിനാൽ കുറച്ചു ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്താൻ ബോർഡും നിർബന്ധിതമായിട്ടുണ്ട്. ഇക്കാരണത്തിലാണ് ഈ സബ് സ്റ്റേഷന്റെ പരിധിയിൽപ്പെട്ട സ്ഥലങ്ങളിൽ വൈദ്യുതി വിതരണത്തിൽ ഇടയ്ക്കിടെ തകരാറ് സംഭവിക്കുന്നത്. സബ് സ്റ്റേഷനിലെ ഇപ്പോഴുള്ള ട്രാൻസ്ഫോർമറുകൾക്ക് പുറമെ പുതുതായി ഒരു ട്രാൻസ്ഫോർമർ കൂടി സ്ഥാപിക്കുന്നതിനുള്ള പണി ആരംഭിച്ചു കഴിഞ്ഞു. അത് ഈ മാസം തന്നെ കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ ജോലി പൂർത്തിയാകുമ്പോൾ വൈദ്യുതി വിതരണത്തിലെ തകരാറുകൾ പൂർണ്ണമായും പരിഹരിക്കപ്പെടുന്നതാണ്.

ആലംകോട് ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കണമെന്ന നിവേദനം

123. [175] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽപ്പെട്ട ആലംകോട് കേന്ദ്രമായി ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കണമെന്ന നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എന്തു നടപടികൾ സ്വീകരിച്ചുവെന്നു വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ ആലംകോട് കേന്ദ്രമായി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് സ്ഥാപിക്കാൻ നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചപ്പോൾ 2000-ൽ താഴെ ഉപഭോക്താക്കൾ മാത്രമേ പ്രസ്തുത ഓഫീസിന്റെ പരിധിയിൽ വരുകയുള്ളു എന്നു കണ്ടു. ഇതു ബോർഡ് അംഗീകരിച്ച മാനദണ്ഡത്തിൽ കുറവായതിനാൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനു അംഗീകാരം നൽകിയില്ല. എന്നാൽ അവിടെ ഒരു ജൂനിയർ എഞ്ചിനീയർ ആഫീസ് സ്ഥാപിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ട്.

കിളിമാനൂർ നിയോജകമണ്ഡലത്തിലെ ഹരിജൻ-ഗിരിജൻ കോളനികളുടെ വൈദ്യുതീകരണം

124. [176] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലത്തിലെ ഏതെല്ലാം ഹരിജൻ-ഗിരിജൻ കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly